(ഡി) കയർ തൊഴിലാളികൾക്കുള്ള വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള കാല താമസത്തിന്റെ കാരണം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) തൊഴിൽ നഷ്ടപ്പെട്ടതായി അറിവില്ല.

(സി) 31-5-2003 വരെ മുൻ കയർ തൊഴിലാളികൾക്ക് 23 മാസത്തെയും, മെമ്പർ പെൻഷൻകാർക്ക് 12 മാസത്തേയും പെൻഷൻ കുടിശ്ശികയുണ്ട്. 31-12-2002 വരെയുള്ള പെൻഷൻ കുടിശ്ശിക നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ധനസഹായത്തിന്റെ അപര്യാപ്തതയാണ് കാലതാമസത്തിനു കാരണം.

കയർഫെഡിൽ നടന്ന ക്രമക്കേടുകൾ

100 (1154) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998 മുതൽ 2002 വരെയുള്ള കാലയളവിൽ കയർഫെഡിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ഓഡിറ്റ് റിപ്പോർട്ടുകൾ വെളിവാക്കുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1998-1999 മുതൽ 2001-2002 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തിലും ഉണ്ടായ നഷ്ടം എത്രയെന്ന് വിശദമാക്കുമോ ;

(സി) ഇപ്രകാരം വൻ സാമ്പത്തികനഷ്ടം ഉണ്ടാകാനിടയായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ ;

(ഡി) വൻ സാമ്പത്തിക നഷ്ടം വരുത്തിവച്ചവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുവാൻ സന്നദ്ധമാകുമോ ;

(ഇ) എങ്കിൽ എന്ത് ശിക്ഷണ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആഡിറ്റ് റിപ്പോർട്ട് ലഭ്യമായ 1999-2000 വർഷം വരെയുള്ള കാലയളവിൽ, അവസാന ആഡിറ്റ് റിപ്പോർട്ടിൽ (1999-2000) സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി വെളിവാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1998-99 നഷ്ടം 121.90 ലക്ഷം രൂപ

1999-2000 നഷ്ടം 60.12 ലക്ഷം രൂപ

1999-2000-ത്തിനു ശേഷമുള്ള ആഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

(സി) ഉയർന്ന പലിശ നിരക്കിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഓവർ ഡ്രാഫ്റ്റ് എടുത്തതും സാമ്പത്തിക അച്ചടക്കമില്ലാത്ത പ്രവർത്തനവും വൻതോതിൽ പരസ്യം നൽകിയതുമാണ് നഷ്ടം വർദ്ധിക്കാൻ കാരണമായത്.

(ഡി & ഇ) സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടന്നു വരുന്നു വിജിലൻസ് അന്വേഷണത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പാക്കുന്ന പദ്ധതികൾ

101 (1155) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കികൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ പദ്ധതിയിലും എത്രപേർക്കു സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട് ;

(സി) മുൻസർക്കാരിന്റെ കാലത്ത് ഓരോ പദ്ധതിയിലും എത്ര പേർക്കു സാമ്പത്തിക സഹായം നൽകിയിട്ടുണ്ട് ; വർഷം തിരിച്ച് കണക്ക് വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ പുതുതായി ഏതെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത് എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. മുൻ കയർ തൊഴിലാളി പെൻഷൻ, മെമ്പർഷിപ്പ് പെൻഷൻ, കുടുംബപെൻഷൻ, വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ശവസംസ്ക്കാര ധനസഹായം, സ്ഥിരാസ്വാധീന സഹായം താൽക്കാലികാ അസ്വാധീന സഹായം, അപകടമരണം സംഭവിച്ച വ്യക്തിയുടെ ആശ്രിതനു സഹായം, നിർദ്ധനരും വയോവൃദ്ധരും ആയ കയർ തൊഴിലാളികൾക്ക് രാജീവ്ഗാന്ധി ഓൾഡ് ഏജ്ഹോം എന്ന സ്ഥാപനം മുഖേന സംരക്ഷണം, മക്കൾക്ക് കമ്പ്യൂട്ടർ ട്രെയിനിംഗ്, സൗജന്യ മെഡിക്കൽ ക്യാമ്പ്, മെരിറ്റ് സ്കോളർഷിപ്പ്, റ്റി. വി. തോമസ് മെമ്മോറിയൽ എവർ റോളിങ്ങ് ട്രോഫി, ബേസിക് സാനിട്ടേഷൻ പദ്ധതി, പാർപ്പിട വൈദ്യുതീകരണ പദ്ധതി, ശുദ്ധജല വിതരണ പദ്ധതി, യന്ത്രവൽക്കൃത റാട്ടിൽ തൊഴിൽ പരിശീലന പദ്ധതി തുടങ്ങിയവ.

LIBRARY ARCHIVES Kerala Legislative Assembly